# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ-വിജിലൻസ് - ഇടുക്കി കെ.പി.കോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) 21.06.2019-ന് നടത്തിയ മിന്നൽ പരിശോധന - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് - ഡോ.ജെറി എബ്രഹാം ജോസഫ്, അസിസ്റ്റന്റ് സർജൻ ആന്റ് മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്, ഡോ.ഷബിൻ.ജെ., അസിസ്റ്റന്റ് സർജൻ എന്നിവരെ അച്ചടക്ക നടപടിക്കും തുടർ അന്വേഷണത്തിനും വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) 21.06.2019-ന് നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ട്.

## ഉത്തരവ് നം. ഇ.സി.1-46248/2019/ആ.വ.ഡ., തീയതി: 28/06/2019

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഇടുക്കി കെ.പി.കോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 21.06.2019-ന് പരിശോധന നടത്തുകയുണ്ടായി. കെ.പി. കോളനിയിൽ മെഡിക്കൽ ആഫീസർമാരുടെ രണ്ട് അസിസ്റ്റന്റ് സർജൻ തസ്തികകളാണ് ഉള്ളത്. ഇതിൽ ഡോ.ജെറി എബ്രഹാം ജോസഫ്, മെഡിക്കൽ ആഫീസർ ഇൻചാർജ്ജ് 21.06.2019 മുതൽ അർദ്ധവേതനാവധിക്ക് 30.05.2019-ലെ തീയതി വച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ ടിയാൻ 07.06.2019 ഉച്ച മുതൽ അനധികൃതാവധിയിലാണെന്ന് ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും കാണുന്നു. ടിയാന്റെ ഒ.പി. രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടിയാൻ 31.05.2019 വരെ മാത്രമേ രോഗികളെ പരിശോധിച്ചതായി കാണുന്നുള്ളൂ.

ഡോ.ഷബിൻ.ജെ., അസിസ്റ്റന്റ് സർജൻ 17.06.2019 മുതൽ ആർജ്ജിതാവധിക്ക് അപേക്ഷിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ ടിയാൻ 02.06.2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു.

രണ്ട് മെഡിക്കൽ ആഫീസർമാർ മാത്രമുള്ള ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രണ്ടുപേരും ഒരേ സമയം വിട്ടുനിൽക്കുക വഴി സാധാരണ ജനങ്ങൾക്ക് ചികിത്സാ സേവനം ലഭ്യമാകാത്ത അവസ്ഥ സംജാതമായിരിക്കുന്നു. ഇത്തരത്തിൽ രണ്ടുപേരും അവധി അപേക്ഷ സമർപ്പിച്ച തീയതിയ്ക്കും ദിവസങ്ങൾക്ക് മുമ്പുതന്നെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനവും, മേലധികാരികളെ ധിക്കരിക്കലും, ഔദ്യോഗിക സ്വഭാവദൂഷ്യവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനവും കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാണ്.

മേൽ സാഹചര്യത്തിൽ ഇടുക്കി കെ.പി.കോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻമാരായ ഡോ.ജെറി എബ്രഹാം ജോസഫ് (മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്), ഡോ.ഷബിൻ.ജെ. എന്നിവരെ 1960-ലെ കെ.സി.എസ്. (സി.സി.&എ.) ചട്ടം 10 പ്രകാരം തുടരന്വേഷണത്തിനും അച്ചടക്ക നടപടിക്കും വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത ജീവനക്കാർക്ക് കെ.എസ്.ആർ. ചട്ടം 55 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഡോ.സരിത.ആർ.എൽ.,
ആരോഗ്യ വകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്:-

1. ഡോ.ജെറി എബ്രഹാം ജോസഫ്,
   അസിസ്റ്റന്റ് സർജൻ ആന്റ് മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്.
2. ഡോ.ഷബിൻ.ജെ., അസിസ്റ്റന്റ് സർജൻ.

പകർപ്പ് :-

1) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഇടുക്കി. (ഉത്തരവിന്റെ 5 പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. രണ്ടു പകർപ്പ് വീതം ഓരോ ഡോക്ടർമാർക്കും നൽകി തീയതിയോടുകൂടിയ കൈയ്യൊപ്പ് സഹിതം ഓരോ പകർപ്പ് തിരിച്ചയച്ചുതരേണ്ടതാണ്. അതോടൊപ്പം സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി ഒരു അസിസ്റ്റന്റ് സർജന് സ്ഥാപനത്തിന്റെ അധിക ചുമതല നൽകേണ്ടതും ഒ.പി. കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എൻ.എച്ച്.എം. മുഖേന വേണ്ട ക്രമീകരണം നടത്തേണ്ടതുമാണ്.)
2) അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
3) മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്, പി.എച്ച്.സി. കെ.പി.കോളനി, ഇടുക്കി.
4) ഫയൽ/ സ്റ്റോക്ക് ഫയൽ.